**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5966** **09-11-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വികസന വകുപ്പ് പാലക്കാട് ജില്ലയിൽ നടപ്പാക്കിയ വിദ്യാഭ്യാസ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | കോവിഡ് പശ്ചാത്തലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് പാലക്കാട് ജില്ലയിൽ നടപ്പാക്കിയ വിദ്യാഭ്യാസ പദ്ധതികൾ വിശദീകരിക്കാമോ; | (എ) | പാലക്കാട് ജില്ലയിലുള്ള 488 കോളനികളിലെയും പട്ടിക വർഗ്ഗ കുട്ടികളുടെ ഓൺലൈൻ പഠന സൗകര്യം ഉറപ്പ വരുത്തുന്നതിനായി കോളനികളിൽ ത്രിതല പഞ്ചായത്ത്, എം.പി, എം.എൽ.എമാർ, വിവിധ സ്പോൺസർമാർ എന്നിവരുടെ സഹകരണത്തോടെ സ്മാർട്ട് ഫോൺ, ടാബ്, ടി.വി, ഡിഷ് കണക്ഷൻ എന്നിവ ഒരുക്കി നൽകിയിട്ടുണ്ട്. വൈദ്യുതി ലഭ്യമല്ലാതിരുന്ന 406 കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കുന്നതിനായി 40.35 ലക്ഷം രൂപ ചെലവഴിച്ച് കെ.എസ്.ഇ.ബി മുഖേന വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികളെ ഓൺലൈൻ പഠനത്തിന് സഹായിക്കുന്നതിനായി 50 സാമൂഹ്യപഠനമുറികളിലെ ഫെസിലിറ്റേറ്റർമാരുടെ സേവനവും, ഗോത്രബന്ധു പദ്ധതി പ്രകാരം 46 മെന്റർ ടീച്ചർമാരുടെ സേവനവും ഉറപ്പവരുത്തിയിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠന കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ജില്ലയിൽ നിന്നും ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയം കൈവരിച്ച പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്ന വിവരം ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ? | (ബി) | പാലക്കാട് ഓഫീസിന്റെ പരിധിയിൽ 2021 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷയെഴുതി വിജയം കൈവരിച്ച പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം 746 ആണ്. |

സെക്ഷൻ ഓഫീസർ